**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3848** **06-08-2021 - ൽ മറുപടിയ്ക്ക്**

**കാട്ടുപന്നി ശല്യം പരിഹരിക്കാൻ ഹൈക്കോടതി ഇടപെടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ** | | **Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | കർഷകരുടെയും കൃഷിയിടങ്ങളുടെയും സംരക്ഷണം ഉറപ്പാക്കാൻ കാട്ടുപന്നിയെ കൊല്ലാൻ കേരള ഹൈക്കോടതി അനുവാദം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. ശ്രീ.കെ.വി.സെബാസ്റ്റ്യൻ ഉൾപ്പെടെ 6 പേർ ഫയൽ ചെയ്ത WP (C) No. 21207/2020 (A), ശ്രീ. തോമസ് തോമസ് ഉൾപ്പെടെ 6 പേർ ഫയൽ ചെയ്ത WP (C) No. 12496/2021 (J) എന്നിവയിലെ 23.07.2021 ലെ ഇടക്കാല ഉത്തരവ് പ്രകാരം ടി കേസ്സുകളിലെ പെറ്റിഷണർമാർക്ക് ഒരു മാസത്തിനുള്ളിൽ ചീഫ് വൈൽഡ് ലൈഫ് വാർഡൻ 1972 ലെ വന്യജീവി (സംരക്ഷണ) ആക്ടിലെ സെക്ഷൻ 11 (1) (b) പ്രകാരം ഇവരുടെ കൃഷിഭൂമി പ്രദേശത്ത് കാട്ടുപന്നികളെ വേട്ട നടത്തുന്നതിനുള്ള അനുമതി നൽകണമെന്ന് ബഹു.കേരള ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. |
| (ബി) | കാട്ടുപന്നി ശല്യം ഒഴിവാക്കാൻ സർക്കാർ നടപടികൾ പര്യാപ്തമല്ല എന്ന ഹൈക്കോടതി നിരീക്ഷണം ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഹൈക്കോടതി ഉത്തരവിന്റെ അന്ത:സത്ത ഉൾക്കൊണ്ട് കാട്ടുപന്നി ശല്യം പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | നിലവിലെ സർക്കാർ ഉത്തരവിൻ പ്രകാരം തന്നെ കൃഷിഭൂമികളിൽ നാശം വരുത്തുന്ന കാട്ടുപന്നികളെ നശിപ്പിക്കുവാൻ കർഷകർക്കും നടപടി സ്വീകരിക്കാവുന്നതാണ്. WP(c) No.21207/2020(A) , WP(c) No.12496/2021(J) എന്നിവയിൽ 23.07.2021 ൽ വന്നിരിക്കുന്നത് സംയുക്ത ഇടക്കാല ഉത്തരവാണ്. ടി ഉത്തരവ് പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ